തിരുവനന്തപുരം ജില്ലയിലെ പോലീസ് കോൺസ്റ്റബിൾ നിയമനത്തിന് തയ്യാറാക്കിയിട്ടുള്ള പി.എസ്.സി. ലിസ്റ്റ്

34 (1502) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ പോലീസ് കോൺസ്റ്റബിൾ നിയമനത്തിന് തയ്യാറാക്കിയിട്ടുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും നാളിതുവരെയായി എത്രപേരെ നിയമിച്ചിട്ടുണ്ട് ;

(ബി) ഇപ്പോൾ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 150 ഉദ്യോഗാർത്ഥികളെ പി.എസ്.സി.യിൽ നിന്നും അഡ്വൈസ് ചെയ്തതിൽ 137 പേർ മെഡിക്കൽ വെരിഫിക്കേഷന് ഹാജരായി. ഇതിൽ 129 പേർ ഇപ്പോൾ ട്രെയിനിംഗിലാണ്.

(ബി) ഇപ്പോൾ 109 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒഴിവുകൾ നികത്താനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

നിയോജകമണ്ഡലങ്ങളുടെ പുനർനിർണ്ണയം

35 (1503) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമസഭാ/പാർലമെന്റ് നിയോജകമണ്ഡലങ്ങളുടെ പുനർവിഭജനം സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ കേന്ദ്രഗവൺമെന്റിൽ നിന്നോ ഇലക്ഷൻ കമ്മീഷനിൽ നിന്നോ സംസ്ഥാന ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2001-ലെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ നിയമസഭാ മണ്ഡലങ്ങളുടെ പുനർനിർണ്ണയം നടത്തുന്നതിനായി പുനർനിർണ്ണയ കമ്മീഷൻ കേരളത്തിലെ ഓരോ ജില്ലയ്ക്കും ലഭിക്കുന്ന നിയമസഭാ മണ്ഡലങ്ങളുടെ കണക്ക് സംബന്ധിച്ച് ഒരു കരട് വർക്കിംഗ് പേപ്പർ-1 തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രീയ കക്ഷികളുടെയും മറ്റും അഭിപ്രായം അറിയുന്നതിനായി 2003 ജൂലൈ 15-ന് തിരുവനന്തപുരത്ത് പുനർനിർണ്ണയ കമ്മീഷന്റെ സിറ്റിംഗ് നടത്തുന്നതായി അറിയിച്ചിട്ടുണ്ട്. വർക്കിംഗ് പേപ്പർ-1-ന്റെ പകർപ്പ്* അനുബന്ധമായി വെച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly